ഉത്തരം

(എ—ഇ) ഭൂജലവകുപ്പിൽ നിന്നും കോളയോ അതുപോലുള്ള പാനീയങ്ങളോ ഉണ്ടാക്കുന്നതിന് അനുമതി ഒരു കമ്പനിക്കും നൽകിയിട്ടില്ല.

അച്ചൻകോവിൽ-പമ്പ എന്നീ നദികളിലെ അധിക ജലം തമിഴ്നാടിന് നൽകണമെന്ന വാദം

21 [5984] ശ്രീ. ടി. യു രാധാകൃഷ്ണൻ:
ശ്രീമതി രാധാരാഘവൻ:
,, മാലേത്ത് സരളാദേവി:
ശ്രീ. വർക്കല കഹാർ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ അധികജലം തമിഴ്നാടിന് നൽകണമെന്ന വാദം ദേശീയ ജല അതോറിറ്റി മുന്നോട്ടുവച്ചിട്ടുണ്ടോ;

(ബി) അതിനായി പുന്നമേട്, മൂഴി, ചിറ്റാർ, അച്ചൻകോവിൽ എന്നിവിടങ്ങളിൽ തടയണ കെട്ടണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(സി) അപ്രകാരം തടയണ കെട്ടി വെള്ളം തിരിച്ചുവിടുന്നപക്ഷം എത്ര ഹെക്ടർ നിബിഡ വനവും വനഭൂമിയും വെള്ളത്തിനടിയിലാവും;

(ഡി) തമിഴ്നാടിനു വെള്ളം നൽകുവാൻ വനവും വനഭൂമിയും നഷ്ടപ്പെടുന്നത് പരിസ്ഥിതിയെ ബാധിക്കുകയില്ലെന്ന് നാഷണൽ വാട്ടർ അതോറിറ്റി ഉറപ്പു തന്നിട്ടുണ്ടോ;

(ഇ) തമിഴ്നാടിന് വെള്ളം നൽകാൻ സംസ്ഥാനത്തെ വനഭൂമി നഷ്ടപ്പെടുന്നതിനു പകരം എവിടെ വനം വെച്ചുപിടിപ്പിക്കണമെന്ന് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ അധികജലത്തിന്റെ 20%-മായ 634 എം. എം. സി. ജലം തമിഴ്നാടിന് നൽകുന്ന കാര്യം ദേശീയ ജലവികസന ഏജൻസിയുടെ പഠന റിപ്പോർട്ടിൽ പറയുന്നുണ്ട്.

(ബി) നാഷണൽ വാട്ടർ ഡവലപ്പമെന്റ് ഏജൻസിയുടെ പഠന റിപ്പോർട്ടിൽ കേരളത്തിൽ പുന്നമേട് എന്ന സ്ഥലത്ത്, പമ്പ-കല്ലാർ, തുറ എന്ന സ്ഥലത്ത് അച്ചൻകോവിൽ കല്ലാർ, അച്ചൻകോവിൽ അച്ചൻകോവിലാർ എന്നീ മൂന്ന് അണക്കെട്ടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പമ്പ-അച്ചൻകോവിൽ, പദ്ധതി നടപ്പിൽവന്നാൽ കേരളത്തിന്റെ നിബിഡ വനവും, തേക്കിൻതോട്ടവും കൃഷിസ്ഥലങ്ങളും ഉൾപ്പെടെ 2004 ഹെക്ടർ ഭൂപ്രദേശം വെള്ളത്തിനടിയിൽ ആകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. പരിസ്ഥിതിയെ ബാധിക്കുന്ന പ്രശ്നങ്ങൾ പ്രസ്തുത റിപ്പോർട്ടിൽ കാര്യമായി പരാമർശിച്ചിട്ടില്ല.

(ഇ) തമിഴ്നാടിന് വെള്ളം നൽകാൻ സംസ്ഥാനത്തെ വനഭൂമി നഷ്ടപ്പെടുന്നതിനുപകരം, വനം വച്ചുപിടിപ്പിക്കുന്നതിനുള്ള സ്കീമുകൾ വനം വകുപ്പ് ഉണ്ടാക്കണമെന്നും എന്നാൽ ഇതിനുള്ള ചെലവ് വഹിക്കേണ്ടത് അതത് സംസ്ഥാന ഗവൺമെന്റുകളാണെന്നും ദേശീയ ജല വികസന ഏജൻസിയുടെ പഠന റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. എവിടെയാണ് വനം വച്ചു പിടിപ്പിക്കുന്നത് എന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല.

തമിഴ്നാട് നടത്തുന്ന ജലചൂഷണം തടയാൻ നടപടി

22 [5985] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിപ്രകാരം പണി കഴിപ്പിച്ച ഡാമുകളിൽ നിന്ന് എത്ര അളവ് ജലമാണ് ഓരോ വർഷവും തമിഴ്നാട് സംസ്ഥാനത്തിന് നൽകേണ്ടത്;

(ബി) ഇതിൽ എത്ര ജലം തമിഴ്നാട് കഴിഞ്ഞ മൂന്നുവർഷമായി നൽകിവരുന്നു എന്നും നൽകുന്ന അളവിൽ എത്ര കുറവുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കുറവുള്ള ജലം ഈ ഡാമുകളിൽ നിന്ന് വാങ്ങുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതിനായി തമിഴ്നാട് ഗവൺമെന്റുമായി നടത്തിയ എഴുത്തുകുത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) തിരുവനന്തപുരം, കൊല്ലം, പാലക്കാട്, പത്തനംതിട്ട തുടങ്ങിയ ജില്ലകളിൽ ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിൽ വനമേഖലയുൾപ്പെടെ തമിഴ്നാട് ജലം ചോർത്തുന്നത് നിർത്തിവെയ്ക്കാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്;

(എഫ്) ഈ സ്ഥലങ്ങളിൽ ഏതെല്ലാം വിധത്തിലാണ് ജലം ചോർത്തുന്നത് എന്നും ഇത് തടയുവാൻ ജലസേചന വകുപ്പ് എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ജി) ഇതിൽ തമിഴ്നാട് ഗവൺമെന്റിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ ജലചൂഷണം തടയാൻ സംസ്ഥാന സർക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിപ്രകാരം കേരളത്തിന് ഓരോവർഷവും ലഭിക്കേണ്ട ജലത്തിന്റെ അളവ് താഴെകൊടുക്കുന്നു:

(1) ചാലക്കുടി നദീതടത്തിൽ നിന്നും 12.3 ടി.എം.സി. ജലം പ്രതിവർഷം കേരള-ഷോളയാർ പവർഹൗസിൽ തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly